(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണങ്ങൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നഗരസഭകളിലും അതാത് വാർഡിന്റ/ പ്രദേശത്തിന്റെ ചുമതലയുള്ള പബ്ലിക് ഓവർസീയർ/ബിൽഡിംഗ് ഇൻസ്പെക്ടർമാർ ബാദ്ധ്യസ്ഥരാകുന്നു. അവധി ദിവസങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുവാൻ പ്രത്യേക സ്ക്വാർഡിനെ/ജീവനക്കാരനെ നിയോഗിച്ച് പരിശോധനകൾ നടത്തുവാൻ നഗരസഭാ തലങ്ങളിലും ഇതിനുപുറമെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ ഒരു വിജിലൻസ് വിഭാഗം ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ പ്രത്യേക വിംഗ് രൂപീകരിച്ചും കർശന നടപടികൾ കൈക്കൊണ്ടുവരുന്നു.

ബൃഹത്തായ നഗരവികസന പദ്ധതികൾ

133 (3417) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൃഹത്തായ നഗരവികസന പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ തനതു ഫണ്ടും സങ്കേതിക ക്ഷമതയും നഗരസഭകൾക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ സങ്കേതിക സഹായം നൽകുന്നതിന് സർക്കാർതലത്തിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരുടെയൊക്കെ സഹായമാണ് പ്രസ്തുത പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത് ;

(ഡി) എത്ര കോടി രൂപയാണ് പ്രസ്തുത പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ഇതിലേയ്ക്കായി 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾക്ക് ഈ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) ഈ പദ്ധതിക്ക് നിലവിൽ തുകയൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly